ആബിദ് കോലിക്കര

# നൻമയുടെ നോമ്പുകാലം

കൂട്ടുകാരെ, പുണ്യങ്ങളുടെയും ദൈവസ്നേഹത്തിന്റെയും സന്ദേശവുമായി റമദാൻ വന്നെത്തിയിരിക്കുന്നു...

പുണ്യങ്ങളുടെ പൂക്കാലം എന്നറിയപ്പെടുന്ന മാസമാണ് റമദാൻ. കുട്ടികൾക്കെല്ലാം വലിയ സന്തോഷമാണ് നോമ്പുകാലം. നോമ്പുനോൽക്കുന്ന കുട്ടികളെ മുതിർന്നവർ വഴക്കു പറയുകയോ മറ്റോ ഇല്ല എന്നതാണ് അതിന് കാരണം. സ്കൂളിൽ അധ്യാപകർക്കും വലിയ സ്നേഹമായിരിക്കും.

നോമ്പിന്റെ പ്രത്യേകത എന്തെന്നറിയുമോ? നമ്മുടെ കൺമുന്നിലുണ്ട് കഴിക്കാനുള്ള ഭക്ഷണം. എന്നിട്ടും നമ്മൾ കഴിക്കുന്നില്ല. അല്ലാഹു പറഞ്ഞതെന്തോ അതു ചെയ്യുന്നു. ഭക്ഷണം ഇല്ലാഞ്ഞിട്ട് കഴിക്കാതിരിക്കുകയാണെങ്കിൽ അതിലൊരു പ്രത്യേകതയുമില്ല. ഉണ്ടായിട്ടും കഴിക്കാതിരിക്കുമ്പോൾ അതിൽ ത്യാഗമുണ്ട്.

അതുപോലെ നോമ്പ് നോൽക്കുന്ന ആൾക്ക് മാത്രമേ കൃത്യമായി തനിക്ക് നോമ്പുണ്ടോ എന്ന് അറിയുകയുള്ളൂ. ആരും കാണില്ലെങ്കിൽ വല്ലതും കഴിക്കാം എന്നും വിചാരിക്കാൻ വഴിയില്ല. കാരണം, ആരു കണ്ടില്ലെങ്കിലും അല്ലാഹു കാണും. അങ്ങനെ ത്യാഗത്തിന്റെയും സഹനത്തിന്റെയും നൻമയുടെയും ഒട്ടേറെ പാഠങ്ങൾ നമുക്ക് ലഭിക്കുന്നു.

റമദാനിൽ ആയിരം മാസങ്ങളെക്കാൾ ശ്രേഷ്ഠമായ ലൈലത്തുൽ ഖദ്ർ എന്നൊരു രാത്രിയുണ്ട്.

**ക്ഷമയുടെ മാസമാണ് റമദാൻ**

ആരെങ്കിലും വഴക്കു കൂടാനോ മറ്റോ വന്നാൽ ഞാൻ നോമ്പുകാരനാണ് എന്നു പറഞ്ഞ് ഒഴിഞ്ഞു മാറണം. നോമ്പുള്ളവർ മോശമായ ഒരു



വാക്കും പറഞ്ഞുകൂടാ.. നോമ്പില്ലാത്തപ്പോഴും നല്ല വാക്കുകൾ മാത്രം പറയാനും ക്ഷമിക്കാനുമൊക്കെയുള്ള ഒരു പരിശീലനമാണ് നോമ്പ് കാലം നൽകുന്നത്.

മനുഷ്യർക്കെല്ലാം വഴികാട്ടിയായ വിശുദ്ധ ഖുർആൻ അവതരിച്ചത് ഈ മാസത്തിലാണ്. അധർമ്മത്തിനെതിരെ നടന്ന പോരാട്ടമായ ബദറിന്റെ മാസം കൂടിയാണ് റമദാൻ. റമദാൻ 17-നായിരുന്നു ബദർ യുദ്ധം നടന്നത്. മക്കാവിജയവും റമദാനിലാണ്.

റമദാൻ മാസത്തിലെ നോമ്പ് ഇസ്‌ലാമികചര്യയുടെ പഞ്ച സ്തംഭങ്ങളിലൊന്നാണ്. പ്രായപൂർത്തിയായ, ബുദ്ധിസ്ഥിരതയുള്ള എല്ലാവർക്കും നോമ്പ് നിർബന്ധമാണ്. എല്ലാവരും ദാനധർമ്മങ്ങൾ അധികരിപ്പിക്കുന്ന മാസം കൂടിയാണ് റമദാൻ. ഇല്ലാത്തവന്റെ ദുഃഖം മനസ്സിലാക്കി ഉള്ളവന്റെ മനസ്സലിയിക്കാനും റമദാൻ വഴിയൊരുക്കുന്നു. സ്വാർത്ഥത യാൽ മലിനമായ മനസ്സുകൾ ശുദ്ധിയാക്കുന്നതിനും ഹൃദയത്തിലെ കറ കഴുകിക്കളയുന്നതിനും നോമ്പുകാലം അവസരമൊരുക്കുന്നു.

ആഹാരപാനീയങ്ങൾ ഒഴിവാക്കുക മാത്രമല്ല നോമ്പ്. മോശമായ വാക്കും സ്വഭാവവും ഒഴിവാക്കലുമാണ് നോമ്പ്.

പുണ്യമാസത്തിലെ ആരാധനാകർമ്മങ്ങൾക്കെന്നപോലെ ദാനധർമ്മങ്ങൾക്കും പതിന്മടങ്ങ് പ്രതിഫലമാണുള്ളത്. നമസ്കാരവും നോമ്പും പോലെ പ്രധാനപ്പെട്ട ആരാധനാകർമ്മമാണ് സകാത്ത്. പടച്ചവൻ നമ്മെ ഏൽപിച്ചതാണ് നമ്മുടെ കൈയിലുള്ള സമ്പത്ത്. അത് ശരിയായ കാര്യങ്ങൾക്കാണ് ചെലവഴിക്കേണ്ടത്. സകാത്തിന്റെ കാര്യത്തിൽ വീഴ്ച വരുത്തുന്ന പക്ഷം നമസ്കാരത്തിലും നോമ്പിലും മറ്റ് ആരാധനകളിലും എത്ര കണിശത കാണിച്ചിട്ടും ഫലമില്ല.

പരസ്യമായും രഹസ്യമായും ദൈവത്തെ അനുസരിക്കാനും അവന് കീഴ്പ്പെട്ട് ജീവിക്കാനും വ്രതാനുഷ്ഠാനം നമ്മെ ശീലിപ്പിക്കുന്നു.

'റയ്യാൻ' എന്ന പ്രത്യേക കവാടത്തിലൂടെയാണ് നോമ്പുകാർ സ്വർഗത്തിലേക്ക് പ്രവേശിക്കുക.

'റമദാന്റെ പുണ്യം എന്റെ സമുദായം മനസ്സിലാക്കിയിരുന്നുവെങ്കിൽ വർഷം മുഴുവൻ റമദാനായിരുന്നെങ്കിൽ എന്നവർ മോഹിച്ചേനേ' എന്ന പ്രവാചക വചനം റമദാൻ മാസത്തെ പരമാവധി ഉപയോഗപ്പെടുത്താൻ കൂട്ടുകാർക്ക് പ്രചോദനമേകട്ടെ...

✦

